ശ്രീ. പ്രാക്കുളം ഭാസി : സഭയിൽ ഉത്തരവാദിത്വമില്ലാതെ ഏതെങ്കിലും ഉദ്യോഗസ്ഥൻ പെരുമാറിയാൽ എന്നു പറയാമോ?

മി. സ്പീക്കർ : ഉത്തരവാദിത്വബോധത്തോടുകൂടിത്തന്നെ ഉദ്യോഗസ്ഥന്മാരെപ്പറ്റി വിമർശനം നടത്തണം. അല്ലാതുള്ളതു് അനാവശ്യമാണു്.

ശ്രീ. പ്രാക്കുളം ഭാസി : ഉത്തരവാദിത്വമില്ലാതെ ആരോപണം ഉന്നയിക്കുന്ന മെംബറന്മാരുടെ പേരിൽ നടപടി എടുക്കുമോ?

മി. സ്പീക്കർ : അതിനു് സഭാചട്ടത്തിൽ എന്തെങ്കിലും നിയമം ഉണ്ടാക്കിയാൽ നന്നായിരിക്കും.

കള്ളുഷാപ്പുകളും ഉപഷാപ്പുകളും

*75. [12] ശ്രീ. പി. ആർ. മാധവൻ പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്കു ദയവായി പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തെ പ്രദേശങ്ങളിൽ ഉപഷാപ്പുകൾ നടത്താൻ അനുവാദം നൽകിയിട്ടുണ്ടോ;

(ബി) തൃശൂരാട്ടു നടത്തിവരുന്ന 2-ാംനമ്പർ കള്ളുഷാപ്പിന്റെ കൺട്രാക്ടർ 7 ഉപഷാപ്പുകൾ നിയമവിരുദ്ധമായി നടത്തുന്നുണ്ടെന്നും അതു തടയണമെന്നും തൃശൂർ പഞ്ചായത്തു പ്രമേയം പാസാക്കി അയച്ചിട്ടുണ്ടോ; അതിന്മേൽ എന്തു നടപടി എടുത്തു?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) അനുവാദം നൽകിയിട്ടില്ല.

(ബി) ചോദ്യത്തിൽ പറയുന്ന പ്രമേയം ഗവണ്മെന്റിനു ലഭിച്ചിട്ടില്ല. എന്നാൽ കുന്നത്തൂർ റയിഞ്ചിൽ അനധികൃതമായി കള്ളു് കൈവശംവച്ചതിനു് രണ്ടു കേസുകൾ രജിസ്റ്റർചെയ്തിട്ടുണ്ടു്.

ശ്രീ. പി. ആർ. മാധവൻ പിള്ള : കേസുകൾ രജിസ്റ്റർ ചെയ്തതിനു ശേഷവും ഇന്നും അതു തുടരുന്നുണ്ടെങ്കിൽ നടപടി എടുക്കുമോ?

ശ്രീ. എ. എ. റഹിം : നിശ്ചയമായും.

ശ്രീ. പി. ആർ. മാധവൻ പിള്ള : എന്തു നടപടി എടുക്കും?

ശ്രീ. എ. എ. റഹിം : കേസെടുത്തു ശിക്ഷിക്കുന്നതായിരിക്കും.

ശ്രീ. പി. ആർ. മാധവൻ പിള്ള : കേസു് രജിസ്റ്റർ ചെയ്യുന്നതു കൊണ്ടുമാത്രം ഇത്തരം ഉപഷാപ്പുകൾ ഇല്ലാതാക്കാൻ കഴിയുകയില്ലെന്നു് ഗവണ്മെന്റിനു അനുഭവമില്ലേ?

ശ്രീ. എ. എ. റഹിം : പിന്നെ എന്തുചെയ്യണമെന്നാണു് മെംബർ നിർദ്ദേശിക്കുന്നതു്.

ശ്രീ. പി. കെ. യശോധരൻ: മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുള്ള തലസ്ഥാനനഗരിയിൽ ഉപഷാപ്പുകൾ നടത്തുന്നതായി അറിയാമോ?

ശ്രീ. എ. എ. റഹിം : അറിയാൻ പാടില്ല. മെംബർ അറിയുന്നതനുസരിച്ചു വേണ്ട നടപടി നടത്തുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

SHRI A. A. D. LUIZ: Has the Government received any direction from the Enquiry Committee?

SHRI A. A. RAHIM: The hon. Member may put a separate question.

സക്കാർ ആശുപത്രികൾ.

*76. [13] ശ്രീ. പി. ആർ. മാധവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടകക്കെട്ടിടങ്ങളിൽ എത്ര ആശുപത്രികൾ നടത്തുന്നുണ്ട്; എവിടൊക്കെ; അതിനു മൊത്തം എന്തു ചെലവാകുന്നു;

(ബി) കെട്ടിടം പണികഴിപ്പിച്ചു തരാമെന്ന് പറഞ്ഞിട്ടും ആശുപത്രി സ്ഥാപിച്ചുകൊടുക്കാത്ത സ്ഥലങ്ങൾ ഉണ്ടോ; ഏവിടൊക്കെ; കാരണമെന്തു;

(സി) പരസ്പരം പൊരുത്തപ്പെടാത്ത നാലുതരം നയം ആശുപത്രികൾ സ്ഥാപിച്ചു നടത്തുന്നതു സംബന്ധിച്ചു തുടരുന്നതിനു കാരണം എന്തെങ്കിലും ഉണ്ടോ;

(ഡി) കെട്ടിടങ്ങൾ ഉണ്ടാക്കിത്തന്നില്ലെങ്കിൽ വാടകക്കെട്ടിടങ്ങളിൽ നടത്തുന്ന ആശുപത്രികൾ നിറുത്തിക്കളയുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഈ വിവരങ്ങൾ അടങ്ങിയ ഒരു ലിസ്റ്റ് † മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ഒരുസ്ഥലത്തു ഒരു ഡിസ്പെൻസറി തുടങ്ങണമെങ്കിൽ അവിടത്തെ ജനങ്ങൾ കെട്ടിടങ്ങളും സജ്ജീകരണങ്ങളും വിട്ടുകൊടുത്താൽമാത്രം പോരാ. ഈ സ്ഥലത്തു ഒരു ഡിസ്പെൻസറിയുടെ അത്യാവശ്യമുണ്ടെന്നുള്ളതുകൂടി ബോദ്ധ്യപ്പെടണം. ഇപ്രകാരം ഡിസ്പെൻസറിയുടെ ആവശ്യകത ബോദ്ധ്യമാകാത്ത സ്ഥലങ്ങളിലാണ് ജനങ്ങൾ കെട്ടിടം പണികഴിച്ചുതരാമെന്നു പറഞ്ഞാലും ഗവണ്മെന്റ് അനുമതി കൊടുക്കാത്തതു്. എല്ലാസ്ഥലങ്ങളുടേയും വിവരം ഇപ്പോൾ ശേഖരിച്ചുകഴിഞ്ഞിട്ടില്ല. വിവരം ശേഖരിക്കാൻകഴിഞ്ഞ സ്ഥലങ്ങളുടെ ഒരു ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) പൊരുത്തമില്ലാത്ത നയം തുടരുന്നില്ല. വാടകക്കെട്ടിടങ്ങളിൽ ഡിസ്പെൻസറികൾ നടത്തുന്ന സ്ഥലങ്ങളിൽ കഴിയുന്നതുംവേഗം സ്ഥിരം കെട്ടിടങ്ങൾ ഉണ്ടാക്കുവാൻ പരിശ്രമിക്കുന്നുണ്ട്.

(ഡി) സ്ഥിരം കെട്ടിടങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്നതുകൊണ്ട് അത്തരത്തിലുള്ള ഡിസ്പെൻസറികൾ നിറുത്തിക്കളയുന്നതു ഉചിതമാണെന്നു തോന്നുന്നില്ല. അപ്രകാരം നിറുത്തിക്കളഞ്ഞാൽ അതു ജനങ്ങൾക്കു ഹാനികരമായിരിക്കും.

†Please see Appendix II.

LIBRARY ARCHIVES Kerala Legislative Assembly